**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5367

23-05-2017 ൽ മറുപടിയ്ക്ക്

# ഇുറമുഖങ്ങളിൽ വലിയ ചരക്കുകപ്പൽ വരാനുള്ള അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എം.വിൻസെന്റ് | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളിൽ വലിയ ചരക്കുകപ്പൽ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ; | | (എ) വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിനായി തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആണ് ഒരുക്കിയത് ; വിവരിക്കുമോ ; | | (ബി) ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, കണ്ടെയ്നർ ഹാൻഡ് ലിംഗ് ക്രെയിൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വലിയ കപ്പലുകൾ അടുക്കുന്നതിന് ടഗ്ഗുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. |
| (സ) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ; | | (സി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മണ്ണുമാന്തി കപ്പലും കട്ടർ സക്ഷൻ ഡ്രഡ്ജറും വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇവയ്ക്കായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ? | | (ഡി) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സിന്ധുരാജ് എന്ന ഡ്രഡ്ജർ കേരളത്തിലെ തുറമുഖങ്ങളിൽ ഉപയോഗിക്കുന്നതിനായി വിട്ടുതന്നിട്ടുണ്ട്. ആലപ്പുഴ, അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾക്ക് നിലവിൽ കേന്ദ്രത്തിൽ നിന്ന് ധനസഹായം ഒന്നും അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**